# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

യു.ജി.സി അദ്ധ്യാപകർക്ക് റഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ വകയിൽ അധികമായി നൽകിയ വേതനം നൽകിയത് തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് - റിപ്പോർട്ട് അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു

**പരീക്ഷാ വിഭാഗം ഇ.എ II സെക്ഷൻ**

നം. 577/ഇ എ II/2/291/2018/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ്, 01 ജനുവരി 2019

പരാമർശം :(1) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 01/06/2017-ലെ 117/C3/2017/H.Edn നമ്പർ കത്ത്

(2) ജോയിന്റ് രജിസ്ട്രാർ (ധനകാര്യ വിഭാഗം) 30/05/2017 തിയതിയിൽ തിരുവനന്തപുരത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി വിളിച്ചു കൂട്ടിയ യോഗത്തെ ആസ്പദമാക്കി 05/06/2017 തിയതിയായി സമർപ്പിച്ച റിപ്പോർട്ട്

(3) 13/07/2017 -ലെ സർവ്വകലാശാല ഉത്തരവ് നം. 497/ ഇ എ II/2/414/2017/പരീക്ഷ

(4) 17/01/2018-ലെ സർവ്വകലാശാല ഉത്തരവ് നം. 766/ഇ എ II/2/195/2018/പരീക്ഷ

(5) 08/11/2018 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗ മിനിറ്റ്സ് ഇനം നം. 144/18.09/181705

## ഉത്തരവ്

റഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ വകയിൽ യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന അദ്ധ്യാപകർക്ക് 2010 മുതൽ വേതനം തെറ്റായ രീതിയിലാണ് നൽകുന്നതെന്ന വസ്തുത അക്കൗണ്ടന്റ് ജനറൽ ഓഫീസ് കണ്ടെത്തിയതിനെ തുടർന്ന് ഈ തുക എത്രയെന്ന് തിട്ടപ്പെടുത്തി പ്രസ്തുത വിവരം ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാത്തതു മൂലം ടി അദ്ധ്യാപകർക്ക് ലഭിക്കേണ്ട യു.ജി.സി ആറാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ നാലാം ഗഡുവിന്റെ 20(ഇരുപത് ) ശതമാനം തടഞ്ഞുവച്ചിരിക്കുന്നതായി പരാമർശം (1)ൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ വിഷയത്തിന് സത്വര പരിഹാരമായി എല്ലാ ഗവണ്മെന്റ് / എയ്ഡഡ് കോളേജുകളിൽ നിന്നും 2010-11 മുതലുള്ള റഗുലർ അധ്യാപകരുടെയും (യു.ജി.സി) വിദ്യാർത്ഥികളുടെയും ഇയർ വൈസ്/കോഴ്സ് വൈസ് കണക്കുകൾ എടുത്ത്, റെഗുലർ വിദ്യാർത്ഥികളുടെ ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തിയ വകയിൽ അദ്ധ്യാപകർക്ക് നൽകിയ തുകയുടെ കണക്ക് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി കർശന നിർദേശം നൽകിയിട്ടുള്ളതായി ജോയിന്റ് രജിസ്ട്രാർ I (ധനകാര്യം) സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ആയതിൻ പ്രകാരം 2010-11 മുതൽ യു.ജി.സി അധ്യാപകർക്ക് റെഗുലർ വിദ്യാർഥികളുടെ ഉത്തരകടലാസ് മൂല്യനിർണ്ണയം നടത്തിയ വകയിൽ അനുവദിച്ച തുകയുടെ കണക്കു ലഭ്യമാക്കുന്നതിനായി പ്രോ വൈസ് ചാൻസലർ കൺവീനറായി, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി കൺവീനർ, സിൻഡിക്കേറ്റ് ഫിനാൻസ് കമ്മിറ്റി കൺവീനർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരടങ്ങിയ ഒരു സമിതി രൂപീകരിക്കുവാൻ, 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാലാ ആക്ടിലെ 3.10(17) വകുപ്പ് പ്രകാരം വൈസ് ചാൻസലർ ഉത്തരവായി. തദനുസരണം പരാമർശം (4) ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന് 08/11/2018 -ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, പരാമർശം (5) പ്രകാരം, ഉത്തരക്കടലാസ് പരിശോധകർക്ക് നൽകിയ പ്രതിഫലം തിരിച്ചുപിടിക്കുന്നതു സംബന്ധിച്ച് പ്രോ വൈസ് ചാൻസലർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

..2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ജോൺ. എ**

**അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)**

**പരീക്ഷാ കൺട്രോളർക്കു വേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. സി.ഇ സെക്ഷൻ/എ സി സി I / II സെക്ഷൻ
4. ജെ ആർ I /എ ആർ III (ഫിനാൻസ് )
5. ജെ ആർ I/ജെ ആർ IV/ഡി.ആർ VIII/ എ ആർ XI (പരീക്ഷാ വിഭാഗം )
6. എക്സാം ഓഡിറ്റ് I/II/III
7. ഇ എൻ I സെക്ഷനിലേക്ക് ഫയൽ സഹിതം തുടർ നടപടികൾക്കായി
8. ജെ.ഡി, കെ .എസ്.എ
9. ഐ ക്യു എ സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**